അവശേഷിക്കുന്ന ബാക്ക്ലോഗ് ഡാറ്റാ എൻട്രി കുടുംബശ്രീ മുഖേന പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) എട്ട് പരാതികൾ ഈ വർഷം ലഭിച്ചിട്ടുണ്ട്. ഇവ യഥാസമയം പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും ഉണ്ടാക്കുന്ന പ്രശ്നങ്ങൾ പരിശോധിക്കുന്നതിനും പരിഹരിക്കുന്നതിനും എ.എം.സി. വ്യവസ്ഥയിൽ ഏജൻസികളെ നിയോഗിച്ചിട്ടുണ്ട്.

(ഡി) ഉണ്ട്. കഴിഞ്ഞ വർഷം 11 ഓഫീസുകളിൽ പരിശോധന നടത്തിയിട്ടുണ്ട്.

കൊച്ചി എംപ്ലോയ്മെന്റ് ഓഫീസിൽ രജിസ്റ്റർ ചെയ്തവർ

80 (4136) ശ്രീ. സി. എം. ദിനേശ് മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) യഥാസമയം രജിസ്ട്രേഷൻ പുതുക്കാത്തതുമൂലം കൊച്ചി എംപ്ലോയ്മെന്റ് ഓഫീസിൽ രജിസ്റ്റർ ചെയ്തിട്ടുള്ള എത്രപേർക്ക് കഴിഞ്ഞ നാല് വർഷത്തിനുള്ളിൽ സീനിയോറിറ്റി നഷ്ടപ്പെട്ടിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ;

(ബി) ഇവരുടെ സീനിയോറിറ്റി പുനഃസ്ഥാപിച്ചു കിട്ടുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 21204 പേർക്ക്.

(ബി) റദ്ദായ സീനിയോറിറ്റി പുനഃസ്ഥാപിച്ചുനൽകുന്ന കാര്യം പരിശോധിച്ചുവരികയാണ്.

കാസർഗോഡ് ജില്ലയിലെ ലേബർ ഓഫീസർമാരുടെ ഒഴിവുകൾ

81 (4137) ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ തൊഴിൽ വകുപ്പിന്റെ കീഴിൽ, ലേബർ ഓഫീസർമാർ ഉൾപ്പെടെ എത്ര പേരുടെ ഒഴിവുകളുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഈ ഒഴിവുകൾ എത്ര കാലമായി നിലവിലുണ്ട് എന്ന് വ്യക്തമാക്കുമോ ;

(സി) ഈ ഒഴിവുകൾ എന്നത്തേക്ക് നികത്താൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly